# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മേയ് 13<br>May 13 | 2019 |
|---|---|

*1193 മേടം 29 തിങ്കൾ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**ഐഎച്ച്ആർഡി എൻജിനീയറിംഗ് കോളജുകളിൽ**
**എൻആർഐ സീറ്റുകളിലേക്ക് പ്രവേശനം**

ഐഎച്ച്ആർഡിയുടെ കീഴിൽ എറണാകുളം, ചെങ്ങന്നൂർ, അടൂർ, കരുനാഗപ്പള്ളി, കല്ലൂപ്പാറ, ചേർത്തല എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എൻജിനീയറിംഗ് കോളജുകളിലേക്ക് എൻആർഐ സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.ihrd.kerala.gov.in/enggnri എന്ന വെബ്സൈറ്റിലൂടെയോ അതത് കോളജുകളിലെ വെബ്സൈറ്റുകളിലൂടെയോ ഓൺലൈനായി നൽകണം. ഈ മാസം 25ന് വൈകിട്ട് അഞ്ച് വരെ അപേക്ഷ സമർപ്പിക്കാം. ഓരോ കോളജുകളിലെയും പ്രവേശനത്തിന് പ്രത്യേകം അപേക്ഷ നൽകണം. അപേക്ഷയുടെ പ്രിന്റ്ഔട്ടും അനുബന്ധ രേഖകളും 600 രൂപയുടെ ഡിഡിയും സഹിതം ഈ മാസം 29ന് വൈകിട്ട് അഞ്ചിന് മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളജിൽ നൽകണം. ബി.ടെക് എൻആർഐ സീറ്റുകൾക്ക് ഒരു ലക്ഷം രൂപയാണ് വാർഷിക കോഴ്സ് ഫീസ്. (പിഎൻപി 1123/19)

**ഐഎച്ച്ആർഡി മോഡൽ പോളിടെക്നിക്ക് കോളജുകളിൽ**
**ഡിപ്ലോമ പ്രവേശനം**

ഐഎച്ച്ആർഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ പോളിടെക്നിക്ക് കോളജുകളിൽ ത്രിവത്സര എൻജിനീയറിംഗ് ഡിപ്ലോമ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ

ക്ഷണിച്ചു. ഈ മാസം 30ന് വൈകിട്ട് അഞ്ച് വരെ www.ihrdmptc.org എന്ന അഡ്മിഷൻ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാം. അപേക്ഷയുടെ പ്രിന്റ്ഔട്ടും ആവശ്യമായ രേഖകളും 200 രൂപയുടെ ഡിഡിയും സഹിതം (എസ്.സി/എസ്.റ്റി വിഭാഗത്തിന് 100 രൂപ) ജൂൺ മൂന്നിന് വൈകിട്ട് നാലിന് മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളജിൽ നൽകണം. കൂടുതൽ വിവരം അഡ്മിഷൻ പോർട്ടലിൽ ലഭ്യമാണ്. (പിഎൻപി 1124/19)

## ഐഎച്ച്ആർഡി ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ 11–ാം ക്ലാസ് പ്രവേശനം

ഐഎച്ച്ആർഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പതിനൊന്നാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോറവും വിവരണവും www.ihrd.ac.in എന്ന വെബ്സൈറ്റിലും അതത് സ്കൂളുകളിലും ലഭിക്കും. പത്തനംതിട്ട ജില്ലയിൽ അടൂർ (04734 224078), മല്ലപ്പള്ളി (0469 2680574) എന്നിവിടങ്ങളിലാണ് ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകൾ പ്രവർത്തിക്കുന്നത്. അപേക്ഷയും അനുബന്ധ രേഖകളും 100 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം (പട്ടികജാതി/വർഗ വിഭാഗത്തിന് 50 രൂപ) ഈ മാസം 30ന് മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന സ്കൂളിൽ ലഭിക്കണം. രജിസ്ട്രേഷൻ ഫീസ് പണമായോ സ്കൂൾ പ്രിൻസിപ്പലിന്റെ പേരിൽ മാറാവുന്ന ഡിഡി ആയോ നൽകാം. (പിഎൻപി 1125/19)

## ഒറ്റത്തവണ പ്രമാണ പരിശോധന

ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലൈബ്രേറിയൻ ഗ്രേഡ് നാല് (കാറ്റഗറി നമ്പർ 539/16) തസ്തികയിലേക്ക് ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കായുള്ള ഒറ്റത്തവണ പ്രമാണ പരിശോധന 15,16 തീയതികളിൽ രാവിലെ 10 മുതൽ ജില്ലാ പിഎസ്സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ നേരിട്ട് ഹാജരായി പ്രമാണ പരിശോധന പൂർത്തിയാക്കണമെന്ന് ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു. ഫോൺ: 0468–2222665.

(പിഎൻപി 1126/19)

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

വ്യവസായ വകുപ്പിൽ നിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള മാർജിൻ മണി വായ്പ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കാം. യൂണിറ്റുടമ മരണപ്പെടുകയും സ്ഥാപനം പ്രവർത്തനരഹിതമായിരിക്കുകയും സ്ഥാപനത്തിന് ആസ്തികൾ നിലവിലില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടിശിക പൂർണമായും എഴുതിത്തള്ളും. ഇതിനായി മരണപ്പെട്ട യൂണിറ്റുടമയുടെ അനന്തരാവകാശി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷിക്കണം.

മറ്റുള്ള മാർജിൻ മണി വായ്പകളിൽ റവന്യു നടപടികളിലുള്ളവ, യൂണിറ്റ് പ്രവർത്തനരഹിതമായവ, യൂണിറ്റിന് ആസ്തി ഇല്ലാതിരിക്കുക എന്നിവയ്ക്ക് വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ അപേക്ഷ സമർപ്പിക്കുന്ന തീയതി വരെ ആറ് ശതമാനം നിരക്കിലുള്ള പലിശയുൾപ്പെടെയുള്ള തുകയാണ് അടയ്ക്കേണ്ടത്. തിരിച്ചടച്ചിട്ടുള്ള തുക കിഴിച്ച് അടച്ചാൽ മതിയാകും. കുടിശിക ഒറ്റത്തവണയായോ 50 ശതമാനം ആദ്യഗഡുവായും അവശേഷിക്കുന്ന തുക ഒരു വർഷത്തിനകം രണ്ട് ഗഡുക്കളായും അടയ്ക്കാം. റവന്യു റിക്കവറി ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കളക്ഷൻ ചാർജ് പ്രത്യേകം അടയ്ക്കണം. ഗഡുക്കളായുള്ള തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കില്ല. പദ്ധതി ആനുകൂല്യത്തിനായി ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടണം. ഫോൺ: 0468 2214639. (പിഎൻപി 1127/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മേയ് 13<br>May 13 | 2019 |
|---|---|

*1193 മേടം 29 തിങ്കൾ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### ജില്ലാ വികസന സമിതിയോഗം

ജില്ലാ വികസന സമിതിയുടെ മെയ് മാസത്തെ യോഗം ജൂൺ ഒന്നിന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അന്നേ ദിവസം രാവിലെ 10.30ന് കൂടുന്ന പ്രീ ഡിഡിസി യോഗത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 1128/19)

### ഗതാഗത നിയന്ത്രണം

പട്ടംതറ-ഒറ്റത്തേക്ക് റോഡിൽ കൊടുമൺ ജംഗ്ഷൻ മുതൽ ഒറ്റത്തേക്ക് വരെയുള്ള ഭാഗത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്നതിനാൽ അടൂരിൽ നിന്ന് കൊടുമൺ വഴി പോകുന്ന വാഹനങ്ങൾ ചന്ദനപ്പള്ളി ജംഗ്ഷൻ വഴി ഒറ്റത്തേക്കിലേക്ക് പോകണമെന്ന് പൊതുമരാമത്ത് അധികൃതർ അറിയിച്ചു. (പിഎൻപി 1129/19)

### അശ്വമേധം ക്യാമ്പയിൻ നാളെ അവസാനിക്കും

കുഷ്ഠരോഗ നിർണയത്തിനുവേണ്ടിയുള്ള ഗൃഹസമ്പർക്ക പരിപാടിയായ അശ്വമേധം ജില്ലയിൽ നാളെ സമാപിക്കും. ത്വക് രോഗ ലക്ഷണങ്ങളുള്ള രോഗികളെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള രണ്ടാം ഘട്ട മെഡിക്കൽ ക്യാമ്പ് 17ന് തുടങ്ങും. ജില്ലയിൽ 90 ശതമാനം വീടുകളിലും വോളണ്ടിയർമാർ സന്ദർശനം നടത്തിയതായി ജില്ലാ മെഡിക്കൽ

ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. 1013568 പേരെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഇതിൽ 4369 പേരെ ത്വക് രോഗ ലക്ഷണങ്ങളോടെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്തു. ത്വക് രോഗ ലക്ഷണങ്ങളുള്ളവർ പരിശോധയ്ക്ക് വിധേയരാകണമെന്നും ഡിഎംഒ അറിയിച്ചു. (പിഎൻപി 1130/19)






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**